(ഡി) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഈ അദ്ധ്യയന വർഷത്തിൽ തന്നെ നിയമനം നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും നിലവിലുണ്ട്.

(ബി)

തിരുവനന്തപുരം ജില്ല	- 56	പേർക്ക് നിയമനം നൽകി
കൊല്ലം ജില്ല	- 85	"
പത്തനംതിട്ട ജില്ല	- 18	"
ആലപ്പുഴ ജില്ല	- 134	"
കോട്ടയം ജില്ല	- 119	"
ഇടുക്കി ജില്ല	- 23	"
എറണാകുളം ജില്ല	- 200	"
തൃശൂർ ജില്ല	- 74	"
പാലക്കാട് ജില്ല	- 50	"
മലപ്പുറം ജില്ല	- 179	"
വയനാട് ജില്ല	- 17	"
കണ്ണൂർ ജില്ല	- 60	"

(സി) കാസർഗോഡ് ജില്ലയിൽ മലയാളം - 175, കന്നട - 5 ആകെ - 180 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്. പുതിയ തസ്തികകളിൽ നിയമനം നൽകുന്നതിന് ഇപ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്.

(ഡി) സ്വീകരിക്കുന്നതാണ്.

പോലീസ് സേനയുടെ നവീകരണം

117 (768) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസ് സേനാ നവീകരണത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ആകെ എന്തുതുക ചെലവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി കേന്ദ്രത്തിൽ നിന്നും എന്ത് ധനസഹായം ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പോലീസ് സേനയുടെ കാര്യക്ഷമതയ്ക്കും ഗുണപരമായ പ്രവർത്തനത്തിനും ഫലസിദ്ധി ഉണ്ടായിട്ടുണ്ടോ എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസ് സേനാ നവീകരണത്തിനായി വിവിധ കേന്ദ്രസഹായ പദ്ധതികളിൽപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. മോഡേണൈസേഷൻ സ്കീമിൽപ്പെടുത്തി 1365-ൽ പരം വിവിധ വാഹനങ്ങൾ വാങ്ങി പോലീസ് സ്റ്റേഷൻ തലംവരെ ഉപയോഗിച്ചുവരുന്നു. 600 ഡീസൽ ജീപ്പുകൾ, 400 മോട്ടോർ സൈക്കിളുകൾ, 244 ബസ്സുകൾ, 25 ആംബുലൻസ്, 4 റിക്കവറി വെഹിക്കിൾ (ക്രെയിൻ), 40 ലോറികൾ, ഹൈവേ പട്രോൾ ഡ്യൂട്ടിക്ക് വേണ്ടി 35 ടയോട്ട കാളിസ്, ബോംബ് സ്കാഡിനു വേണ്ടി 4 വാഹനങ്ങൾ, 11 ടാറ്റാ സ്ഫാഷിയോ ജീപ്പുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. അക്രമങ്ങൾ അമർച്ച ചെയ്യുന്നതിനായി 3 ജലപീരങ്കികളും പോലീസുകാർക്ക് വേണ്ടി 1500 പോളികാർബണേറ്റ് റയട്ട് ഷീൽഡ്, മറ്റ് നോൺലെതർ അമ്യൂണേഷൻസ്, പ്ലാസ്റ്റിക് റബ്ബർ ബുള്ളറ്റുകൾ തുടങ്ങിയവയും വാങ്ങിയിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിക്കുവേണ്ടി അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോ ഫോട്ടോ മീറ്റർ, വീഡിയോ സ്പെക്ട്രൽ കം പാരേറ്റർ, കമ്പാരിസൺ മൈക്രോസ്കോപ്പ്, 17 സ്റ്റീരിയോ സൂം മൈക്രോസ്കോപ്പ്, ഹൈപ്രസിഷൻ തിൻലെയർ ക്രൊമാറ്റോസ്കോപ്പ്, ഗ്യാസ്ക്രൊമാറ്റോസ്കോപ്പ് തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. 17 പോലീസ് ജില്ലകളിൽ മൊബൈൽ ഫോറൻസിക് സയൻസ് ലബോറട്ടറികൾ തുടങ്ങുന്നതിന് 17 വാഹനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഫിംഗർ പ്രിന്റ് ബ്യൂറോയുടെ ആവശ്യത്തിനായി കൈ അടയാളങ്ങൾ ആധുനിക രീതിയിൽ എടുക്കുന്നതിന് വേണ്ട സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. കൂടാതെ കംപ്യൂട്ടർവൽകൃത ഫിംഗർ പ്രിന്റ് അനലൈസിംഗ് യൂണിറ്റ് ജില്ലകളിൽ കൂടി ഏർപ്പെടുത്തുന്നതിന് വേണ്ട നടപടി എടുത്തുവരുന്നു. ഫോട്ടോഗ്രാഫിക് ബ്യൂറോയ്ക്ക് വേണ്ടുന്ന ഫോട്ടോ ഗ്രാഫിക് ഉപകരണങ്ങളും ആധുനിക ക്യാമറകളും വാങ്ങുന്നതിന് നടപടി എടുത്തിട്ടുണ്ട്. പോലീസ് കമ്മ്യൂണിക്കേഷനു വേണ്ടി വിവിധതരം ആധുനിക വി.എച്ച്.എഫ്. സെറ്റുകൾ വാങ്ങിയിട്ടുണ്ട്. കൂടാതെ 404 ലക്ഷം രൂപ മുടക്കി മൾട്ടി ചാനൽ ട്രങ്കിങ് സിസ്റ്റം വോയ്സ് റെക്കോർഡിംഗ് ഫെസിലിറ്റി മുതലായവയും പോലീസ് ടെലികമ്മ്യൂണിക്കേഷൻ വാർക്ക്ഷോപ്പ് ആധുനീകരിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. ഒരു കോടി രൂപയോളം മുടക്കി ഡേറ്റാ കമ്മ്യൂണിക്കേഷൻ നെറ്റ്വർക്ക് വികസിപ്പിച്ച് ഇൻഫോ ബാക്ക് ബോൺ എന്ന കംപ്യൂട്ടറൈസേഷൻ നെറ്റ്വർക്ക് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. പോലീസ് ബോംബ് സ്കാഡിനുവേണ്ടി വിവിധ ആധുനിക ഉപകരണങ്ങളായ എക്സ്പ്ലോസീവ് ഡിറ്റക്ടർ, ഡീപ്പ്സെർച്ച് മൈൻ മെറ്റൽ ഡിറ്റക്ടർ, ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ, ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടർ, ബോംബ് സ്യൂട്ട്, ഇലക്ട്രോണിക് സ്റ്റെസ്കോപ്പ്, ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ് തുടങ്ങിയ ആധുനിക ബോംബ് ഡിസ്പോസൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാഫിക് പോലീസിനു വേണ്ടി ബ്രീത്ത് അനലൈസറുകൾ, റിഫ്ളക്റ്റീവ് ജാക്കറ്റുകൾ, സ്പീഡ് പെയ്ത് റെഡാറുകൾ, ട്രാഫിക് കോളർകോണുകൾ, വാണിംഗ് ഫ്ളാഷ് ലൈറ്റുകൾ, തുടങ്ങിയ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. പോലീസ് സേനക്കുവേണ്ടി 1000 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

7.62 എസ്.എൽ.ആർ. 9 എം.എം.പിസ്റ്റലുകൾ മറ്റ് വിവിധ തരം അമ്മ്യൂണിഷനുകളും വാങ്ങിയിട്ടുണ്ട്. എല്ലാ സർക്കിൾ ഓഫീസുകളിലും ഓരോ ഫോട്ടോ കോപ്പിയർ മെഷീനുകൾ വാങ്ങി ഉപയോഗിച്ചുവരുന്നു. കൂടാതെ 11-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പോലീസ് നവീകരണം എന്നീ കേന്ദ്ര സഹായ പദ്ധതികളിൽപ്പെടുത്തി, പോലീസ് സ്റ്റേഷനുകൾ, ക്വാർട്ടേഴ്സുകൾ, മറ്റു കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം ദ്രുതഗതിയിൽ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ചുമതലയിൽ സംസ്ഥാനമൊട്ടാകെ നടന്നുവരുന്നു.

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 124,24,36,412 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാന പോലീസ് സേനാ നവീകരണത്തിനായി 2001-02 വർഷത്തിൽ 31.12 കോടി രൂപയും 2002-03 വർഷത്തിൽ 31.50 കോടി രൂപയും കേന്ദ്രധനസഹായമായി ലഭിച്ചിട്ടുണ്ട്.

(ഡി) ഇതേപ്പറ്റി സമഗ്രമായ പഠനം നടത്തിയിട്ടില്ല. എന്നാൽ പോലീസ് സേനയുടെ മൊത്തത്തിലുള്ള കാര്യക്ഷമതയ്ക്കും ഗുണപരമായ പ്രവർത്തനത്തിനും പോലീസ് നവീകരണ പദ്ധതി സഹായകമായിട്ടുണ്ട്.

1991 മുതൽ 2001 വരെ സംസ്ഥാനത്ത് നടന്ന വർഗ്ഗീയ കലാപങ്ങൾ

118 (771) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991 മുതൽ 2001 വരെ സംസ്ഥാനത്ത് ഓരോ വർഷവും എത്ര വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും പറയാമോ ;

(ബി) പ്രസ്തുത സംഭവങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നും ഏതെല്ലാം കേസുകളുടെ ചാർജ് ഷീറ്റ് നൽകിയിട്ടുണ്ടെന്നും ഇനി എത്ര കേസ്സുകളുടെ ചാർജ് ഷീറ്റ് നൽകാനുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) 1991-ൽ പാലക്കാട് ഒരു വർഗ്ഗീയ കലാപം നടന്നു. ഇതിൽ ഒരു പെൺകുട്ടി മരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 45 കേസ്സുകളിൽ 44 എണ്ണം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ് ഷീറ്റ് നൽകിയിട്ടുണ്ട്. ഒരു കേസ് യു.ഡി. ആയി റിപ്പോർട്ട് നൽകിയിട്ടുണ്ട്. 1992-ൽ രണ്ടു വർഗ്ഗീയ കലാപങ്ങൾ നടന്നിട്ടുണ്ട്.

1. തിരുവനന്തപുരം പൂന്തുറയിൽ നടന്ന വർഗ്ഗീയ കലാപത്തോടനുബന്ധിച്ച് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ സംഭവങ്ങളിൽ 5 പേർ മരിച്ചു. 161 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 69 കേസ്സുകളിൽ കുറ്റപത്രം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly